**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 194** **22-06-2026-ൽ മറുപടിയ്ക്ക്**

**ഷിഗെല്ലാ വ്യാപനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ എത്ര പേർക്ക് ഷിഗെല്ലാ ബാധ സ്ഥിരീകരിച്ചിട്ടുണ്ട്;

**മറുപടി:** ഈ വർഷം 19/06/2026 വരെ, സംസ്ഥാനത്ത് 196 ഷിഗെല്ലോസിസ് കേസുകൾ സ്ഥിരീകരിച്ചിട്ടുണ്ട്.

**(ബി)** ഷിഗെല്ലാ വ്യാപനം തടയാൻ പി.എച്ച്.സി ,എഫ് .എച്ച്.സി തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** ഷിഗെല്ലാ വ്യാപനം തടയാൻ പി.എച്ച്.സി, എഫ്.എച്ച്.സി തലങ്ങളിൽ ഉൾപ്പടെ സ്വീകരിച്ച നടപടികൾ **അനുബന്ധമായി** ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## സംസ്ഥാനത്ത് ഷിഗെല്ലാ രോഗ വ്യാപനം പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

- ജലജന്യരോഗ വിഭാഗത്തിൽപ്പെടുന്ന ഷിഗെല്ല ഉൾപ്പെടെയുള്ള വയറിളക്ക രോഗങ്ങളെ തടയുന്നതിനും, പകരാതിരിക്കാൻ വേണ്ടി പാലിക്കേണ്ടതുമായ പൊതുജനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതും വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത സന്ദേശങ്ങൾ വിവിധ ആരോഗ്യ പ്രവർത്തകർ മുഖേനയും, വിവിധ മാധ്യമങ്ങളിലൂടെയും എല്ലാ ജനവിഭാഗങ്ങളിലേക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- മാസം തോറും നടക്കുന്ന ഹെൽത്തി കേരള പരിശോധനയുടെ ഭാഗമായി സ്കൂളുകൾ, അംഗനവാടികൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ സംവിധാനങ്ങൾ പരിശോധിച്ചുവരുന്നു. ഇത് കൂടാതെ ഭക്ഷണശാലകളിൽ പരിശോധന നടത്തി സ്ഥാപനങ്ങളിൽ ലൈസൻസ് ഉണ്ടെന്ന് ഉറപ്പാക്കുകയും പാചകത്തൊഴിലാളികൾ മുതൽ ഭക്ഷണം കൈകാര്യം ചെയ്യുന്നവരുൾപ്പെടെ സാധുവായ ഹെൽത്ത് കാർഡ് കൈവശം ഉള്ളവരാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു.
- വയറിളക്ക രോഗങ്ങളോ, അതിസാരമോ പതിവിൽ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന അവസരങ്ങളിൽ പ്രാദേശികമായി പൊതുജനാരോഗ്യ വിഭാഗം പരിശോധന നടത്തുകയും കേസുകളുടെ ക്ലസ്റ്ററിങ് ഉണ്ടോയെന്ന് പരിശോധന നടത്തി ഉചിതമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നു .
- രോഗവ്യാപനം തടയുന്നതിനായി അതത് ജില്ലകളിൽ Rapid Response Team (ദ്രുതകർമ്മ സേന) കൂടുകയും പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്യുന്നു.
- രോഗം സ്ഥിരീകരിച്ചവരുടെ ആരോഗ്യ നില വിലയിരുത്തുന്നതിനും, കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനും, സെക്കൻഡറി രോഗവ്യാപനം (മറ്റുള്ളവരിലേക്ക് പകരുന്നത്) തടയുന്നതിനുമായി ദിവസേനയുള്ള നിരീക്ഷണവും ഫോളോ-അപ്പും നടത്തി വരുന്നു.
- രോഗബാധിത പ്രദേശങ്ങളിൽ സജീവമായ രോഗനിർണ്ണയ പരിശോധനകൾ (Active case search) നടത്തിവരുന്നു.
- രോഗബാധിത പഞ്ചായത്തുകളിൽ വ്യാപകമായി ക്ലോറിനേഷൻ പ്രവർത്തനങ്ങൾ (മാസ്സ് ക്ലോറിനേഷൻ) നടത്തിവരുന്നു.
- പ്രദേശത്തെ ജലസാമ്പിളുകൾ ശേഖരിക്കുകയും ഗുണനിലവാര പരിശോധനയ്ക്ക് ഹാജരാക്കുകയും ഫലമനുസരിച്ച്, വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
- ഷിഗെല്ലോസിസ് ഉൾപ്പെടെയുള്ള വയറിളക്ക രോഗങ്ങളുടെ ചികിത്സക്ക് ആവശ്യമായ ഒ.ആർ.എസ്സ്, സിങ്ക്, ആന്റിബയോട്ടിക്കുകൾ എന്നിവ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.
- അംഗനവാടികൾ, ശിശുസംരക്ഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കുട്ടികളുടെ ശുചിത്വ ശീലങ്ങളിൽ കൃത്യമായി മേൽനോട്ടം വഹിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- 2026 ജൂൺ 16 മുതൽ ജൂലൈ 31 വരെ 'സ്റ്റോപ്പ് ഡയറിയ' ക്യാമ്പയിൻ "വയറിളക്ക രോഗങ്ങൾ തടയാം ജീവൻ രക്ഷിക്കാം" എന്ന ആപ്തവാക്യത്തോടെ സംസ്ഥാനത്ത് ഉടനീളം നടപ്പാക്കുന്നുണ്ട്. കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക,

ഭക്ഷണത്തിനു മുൻപും ശുചിമുറി ഉപയോഗത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക, ആറുമാസം വരെ കുഞ്ഞിന് മുലപ്പാൽ മാത്രം നൽകുക, കുഞ്ഞുങ്ങൾക്ക് സർക്കാർ പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കൃത്യമായി നൽകുക, മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക തുടങ്ങിയ സന്ദേശങ്ങൾ സമൂഹത്തിൽ ഫലപ്രദമായി നടപ്പാക്കുകയാണ് പ്രസ്തുത ക്യാമ്പെയിൻ കൊണ്ട് ലക്ഷ്യമിടുന്നത്.

- RPEID സെല്ലിന്റെ നേതൃത്വത്തിൽ ക്ലീനിംഗ് ക്യാമ്പയിനും, പൊതു ജനങ്ങൾക്കായി ഹെൽത്ത് എഡ്യൂക്കേഷൻ ക്ലാസ്സും നടത്തി വരുന്നു.
- എല്ലാ ഹെൽത്ത് സ്റ്റാഫിനും ഷിഗെല്ലയെക്കുറിച്ചും മറ്റ് പകർച്ചവ്യാധികളെക്കുറിച്ചും ട്രെയിനിങ് ക്ലാസ്സുകൾ നടത്തുന്നുണ്ട്.
- വ്യക്തി ശുചിത്വം, ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ